## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംമ്പർ: 7670 23.07.2012 ലെ മറുപടിക്ക്

## ആറന്മുള വിമാനത്താവള നിർമ്മാണം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. ഉമ്മൻചാണ്ടി, മുഖ്യമന്ത്രി) | |
| (എ) | ആറന്മുള വിമാനത്താവളത്തിനായി എത്ര ഏക്കർ സ്ഥലമാണ് വ്യവസായ മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത്; | (എ), | ആറന്മുള. എയർപാർട്ടിനു വേണ്ടി വ്യവസായമേഖലയായി പ്രഖ്യാപിച്ച സ്ഥലത്തിന്റെ കൃത്യമായ അളവ് പത്തനംതിട്ട ജില്ലാകളക്ടറിൽ നിന്നും ശേഖരിച്ചു നല്കുന്നതാണ്. |
| (ബി) | പ്രസ്തുത സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടില്ല. എന്നാൽ വിമാനത്താവളത്തിനു ആവശ്യമില്ലാത്ത സ്ഥലം തിരികെ വിട്ടു കൊടുക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. |
| (സി) | അന്താരാഷ്ട്ര വിമാനത്താവളത്തിന് എത്ര ഏക്കർ സ്ഥലമാണ് വേണ്ടത്; | (സി) | വിമാനത്താവളത്തിൽ നിന്നും സർവീസ് നടത്തുവാനുദ്ദേശിക്കുന്ന വിമാനങ്ങളെ അടിസ്ഥാനമാക്കിയാണ് ഓരോ വിമാനത്താവളത്തിനും എത്ര സ്ഥലം ആവശ്യമെന്ന് കണക്കാക്കുന്നത്. |
| (ഡി) | കേരളത്തിലെ നിലവിലുള്ള എയർപോർട്ടുകൾക്ക് എത്ര ഏക്കർ ഭൂമി വീതമാണ് നിലവിലുള്ളത്; | (ഡി) | സംസ്ഥാനത്ത് നിലവിലുള്ള 3 എയർപോർട്ടുകളായ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന് 377 ഏക്കർ സ്ഥലവും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് 1199.40 ഏക്കറും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് 628.59 ഏക്കറും സ്ഥലമുണ്ട്. |
| (ഇ) | ആറന്മുള വിമാനത്താവളത്തിനായി എത്ര ഏക്കർ ഭൂമിയാണ് വിലയ്ക്ക് വാങ്ങി ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളത്; ആരുടെയൊക്കെ പേരിൽ; എത്ര ഏക്കർ വീതം; വിശദമാക്കുമോ; | (ഇ) | ആറന്മുള വിമാനത്താവളത്തിനായി കെ.ജി.എസ്. ഗ്രൂപ്പിനു വേണ്ടി ശ്രീ. ബിജി തോമസ്, S/o പി.എ. തോമസ്, ഡെപ്യൂട്ടി മാനേജർ (അഡ്മിനിസ്ട്രേഷൻ), ഡോ. നന്ദകുമാർ പി.റ്റി. എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരുടെ പേരിൽ ആറന്മുള മല്ലപ്പുഴശ്ശേരി, കിടങ്ങന്നൂർ വില്ലേജുകളിലായി 95.3756 ഹെക്ടർ ഭൂമിയുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | ഈ വിമാനത്താവളത്തിനു വേണ്ടി കെ.ജി.എസ്. കമ്പനി 6.64 കോടി രൂപയ്ക്ക് എന്ന്, പ്രമാണത്തിൽ രേഖപ്പെടുത്തി, ആ തുകയ്ക്കുള്ള മുദ്ര പ്പത്രത്തിൽ തീറാധാരമായി വാങ്ങിയ 242 ഏക്കർ സ്ഥലത്തിന്, യഥാർത്ഥവില 52 കോടിയായിരുന്നു എന്ന്, വസ്തു വിറ്റയാൾ, കരാർ രേഖയുമായി, പത്തനംതിട്ട കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എഫ്) | ഉണ്ട്. |
| (ജി) | തീറാധാരത്തിൽ 52 കോടിക്കുപകരം 6 കോടി എന്ന് കാണിച്ച് ഉയർന്ന നിലയിൽ ടാക്സ് വെട്ടിപ്പ് നടത്തിയ കെ.ജി.എസ്. കമ്പനിക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; | (ജി) യും (എച്ച്) ഉം | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (എച്ച്) | കോടതിയിൽ രേഖാമൂലം വരികയും നിരവധി വാർത്തകൾ വന്നിട്ടും അതിന്മേൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുകയും ചെയ്യാതിരിക്കുന്നതിന് കാരണമെന്ത്; വിശദമാക്കുമോ; | | |
| (ഐ) | ഏത് തരത്തിലുള്ള അന്വേഷണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; | (ഐ) | തീരുമാനിച്ചിട്ടില്ല. |
| (ജെ) | വിമാനത്താവളവുമായി ബന്ധപ്പെട്ട് ട്രാൻസ്പോർട്ട് വകുപ്പിന്റെ വിജിലൻസ് അന്വേഷണത്തിന് ശുപാർശ വന്നിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാമോ ? | (ജെ) | വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് വിജിലൻസ് വകുപ്പിൽ ലഭിച്ച നിവേദനം ട്രാൻസ്പോർട്ട് വകുപ്പിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

2749